LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : പുതിയ ആളുകളെ എടുത്തിട്ടില്ലെന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ, അത് റിട്ടയർമെന്റ് വേക്കൻസിക്ക് എതിരായിട്ടല്ല. നിങ്ങൾ പുതുതായി ക്രിയേറ്റ് ചെയ്ത ഏതെങ്കിലും പോസ്റ്റിലേക്കുള്ള നിയമനത്തിന് വേണമെങ്കിൽ കിലയിൽ പരിശീലനം കൊടുത്തുകാണും. റിട്ടയർമെന്റ് ചെയ്തതിന്റെ പേരിലാണെങ്കിൽ മാർച്ച് 31-ാം തീയതിയേ വേക്കൻസി വരികയുള്ളൂ. ഏപ്രിൽ 1-ാം തീയതിയേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. അപ്പോൾ പിന്നെ എങ്ങനെയാണ് മാർച്ച് 31-ാം തീയതി വരാൻപോകുന്ന റിട്ടയർമെന്റിന്റെ പേരിൽ പി.എസ്.സി.-യിൽനിന്ന് പേരു വരുത്തി നിയമനം നടത്തും ? അതിന് എന്തെങ്കിലും തീരുമാനമുണ്ടായിരുന്നോ ?

ഡോ. തോമസ് ഐസക് : ആ പരിശീലന പരിപാടി സാധാരണഗതിയിൽ മുമ്പുവന്ന വേക്കൻസിയിൽ പുതിയ നിയമനത്തിന് ആയിരുന്നില്ല. സൃഷ്ടിക്കപ്പെട്ട സൂപ്പർന്യൂമററി തസ്തികയിലേക്ക് നിയോഗിച്ചവരെയാണ്. അതിന്റെ എണ്ണം എത്രയാണെന്ന് എനിക്ക് ഈ സമയത്ത് പറയാൻ കഴിയില്ല നാളെ പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി: നാളെ പറഞ്ഞാൽ മതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

III ശ്രദ്ധക്ഷണിക്കൽ

(1) മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തൽ

ശ്രീ. റോഷി അഗസ്റ്റിൻ : സർ, മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തേണ്ടതിന്റേയും സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കേണ്ടതിന്റേയും ആവശ്യകതയിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. മുല്ലപ്പെരിയാർ അണക്കെട്ടിനെ ചുറ്റിപ്പറ്റി വർഷങ്ങളായി നിലനിൽക്കുന്ന ഭയം ഓരോ മണിക്കൂർ പിന്നിടുന്തോറും ജനങ്ങളുടെ നെഞ്ചിടിപ്പ് വർദ്ധിപ്പിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള സർക്കാരിന്റെ ധീരമായ ശ്രമങ്ങൾക്ക് എല്ലാവരുടേയും പിന്തുണയുണ്ട്. ഇക്കാര്യത്തിൽ ജാഗ്രത കാണിക്കുന്ന ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രിയുടെ കർമ്മോത്സുകതയെ അഭിനന്ദിക്കുകയാണ്. ഇപ്പോൾ നടത്തി വരുന്ന ഉജ്വലമായ നിയമപോരാട്ടങ്ങൾ ആശാവഹമാണ്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാൻ കഴിയുമെന്നുതന്നെ നമുക്ക് പ്രത്യാശിക്കാം. സുർക്കിയിൽ പണിതുയർത്തിയ 114 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം ഇന്നും അപകട ഭീഷണിയുയർത്തി നിൽക്കുന്ന സാഹചര്യത്തിൽ ഭയചകിതരായി നിൽക്കുന്ന ജനങ്ങളെ നമുക്ക് കുറ്റപ്പെടുത്താൻ കഴിയില്ല. സുർക്കിയിൽ പണിതിട്ടുള്ള ഡാമുകളിൽ മുല്ലപ്പെരിയാർ ഡാമല്ലാതെ മറ്റൊരു ഡാമും ലോകത്ത് നിലനിൽക്കുന്നില്ല എന്ന യാഥാർത്ഥ്യം മുന്നിൽ കാണണം. 20-ാം

LIBRARY ARCHIVES Kerala Legislative Assembly

നൂറ്റാണ്ടിൽ ഇരുപതോളം അണക്കെട്ടുകൾ തകർന്ന ദുരന്തമുണ്ടായിട്ടുണ്ട്. ഇതിൽ പത്തുലക്ഷത്തിൽപ്പരം ആളുകളാണ് മരണമടഞ്ഞിട്ടുള്ളത്. ഈ അണക്കെട്ടുകളെല്ലാംതന്നെ തകരാൻ കാരണം വെള്ളപ്പൊക്കം, ഭൂചലനം, അണക്കെട്ടിന്റെ അരികിലെ ഉരുൾപ്പൊട്ടൽ, ചോർച്ച തുടങ്ങിയവയാണ്. ഈ അപകട സാഹചര്യങ്ങൾ തന്നെയാണ് മുല്ലപ്പെരിയാർ അണക്കെട്ടും അഭിമുഖീകരിക്കുന്നത്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അണക്കെട്ടിൽനിന്ന് അധികജലം ഒഴുക്കിവിട്ട് മർദ്ദം കുറയ്ക്കുന്ന സ്പിൽവേകളുടെ പോരായ്മകളും അണക്കെട്ടുകളെ തകർക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണ്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ സ്പിൽവേയുടെ പോരായ്മകൾ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് നമ്മൾ ഗൗരവത്തോടെ കാണണം. അതോടൊപ്പം മറ്റൊരു ഭീഷണി ചോർച്ചയാണ്. അണക്കെട്ടിന്റെ അടിസ്ഥാനത്തിന് അടിയിലൂടെയോ മറ്റേതെങ്കിലും ഭാഗത്തുകൂടിയോ ഉള്ള ക്രമാതീതമായ ചോർച്ച അണക്കെട്ട് തകരുന്നതിന് കാരണമാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നിർമ്മാണത്തിലെ അപാകതമൂലം ഉണ്ടായിട്ടുള്ള ചോർച്ചമൂലം ഇൻഡ്യയിൽ ഹട്വസാല, ചിക്കാഹോളൈ, ട്രൈഗ്ര അണക്കെട്ടുകൾ തകർന്നിട്ടുണ്ട്. 1976 ജൂൺ 5-ന് അമേരിക്കയിലെ ടെക്ടോൺ അണക്കെട്ട് ചോർച്ചയിലൂടെയാണ് തകർന്നത്. 1985 ജൂലൈ 9-ന് ഇറ്റലിയിലെ വാൾടിറ്റാവ അണക്കെട്ട് തകർന്ന് രണ്ടുലക്ഷം ഘനമീറ്റർ വെള്ളം 90 കിലോമീറ്റർ വേഗത്തിൽ പതിച്ച് 42 കിലോമീറ്റർ ദൂരം നാശനഷ്ടം വിതച്ചു. ചൈനയിലെ റു നദിയിൽ 1975 ഓഗസ്റ്റ് മാസം 118 മീറ്റർ ഉയരമുള്ള ബാങ്കിയാവോ അണക്കെട്ട് തകർന്ന് 26,000 പേരാണ് മരിച്ചത്. വെള്ളപ്പൊക്കം വരുത്തിവച്ച പകർച്ചവ്യാധികൾമൂലം 1,45,000 പേർ മരണമടയുകയുണ്ടായി. അമേരിക്കയിലെ കാലിഫോർണിയയിൽ ലോസ് ആഞ്ചലസ് നഗരത്തെ ഞെട്ടിപ്പിച്ച ദുരന്തമായിരുന്നു സെന്റ് ഫ്രാൻസിസ് അണക്കെട്ട് അപകടം. 185 അടി ഉയരമുള്ള ഈ ഗ്രാവിറ്റി അണക്കെട്ട് തകർന്നത് 1928 മാർച്ച് മാസം അർദ്ധ രാത്രിയിലാണ്. ഈ അണക്കെട്ട് നിർമ്മിച്ച സ്ഥലത്തെ ശിലകളെക്കുറിച്ച് വേണ്ടത്ര പഠനം നടത്തിയിരുന്നില്ല. ഇതിന്റെ അടിത്തട്ടിൽ വിള്ളലുണ്ടായിരുന്നു. ഭൂവിള്ളൽ കണക്കിലെടുക്കാതെ പണിതതുകൊണ്ടാണ് ലോകത്തെ നടുക്കിയ ദുരന്തമുണ്ടായത്. ഇക്കാര്യങ്ങൾ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിലും വളരെ പ്രസക്തമാണ്. കാരണം, ദുർബലമായ ഭൗമഘടനയോടുകൂടിയ സ്ഥലത്താണ് മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. മൂവാറ്റുപുഴ, ഇടമലയാർ, കമ്പം, വൈഗയ് എന്നീ ഭ്രംശമേഖലകൾക്കൊണ്ട് ദുർബലമായ പ്രദേശത്താണ് അണക്കെട്ട് നിലകൊള്ളുന്നത്. ഇതിൽ കമ്പം ഭൂവിള്ളലും ഉടുമ്പൻചോല ഭ്രംശ മേഖലയും സംഗമിക്കുന്ന പ്രദേശത്താണ് മുല്ലപ്പെരിയാർ അണക്കെട്ട് സ്ഥിതിചെയ്യുന്നതെന്നത് സെസ്സിന്റെ മുൻ ഡയറക്ടർ ഡോ. എം. ബാവ ചെയർമാനായുള്ള വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുള്ളതാണ്. മുല്ലപ്പെരിയാറിന്റെ ബേബിഡാം സ്ഥിതിചെയ്യുന്നത് ഭ്രംശമേഖലയിലാണെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ കണ്ടെത്തിയിട്ടുണ്ട്. ദുർബലമായ ഈ ഡാമിനടിയിലൂടെ ശക്തമായ ചോർച്ചയുണ്ട്. ഇത് നിസ്സാരമായി തള്ളിക്കളയാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഭൂചലനമടക്കം പല ഭൗമപ്രതിഭാസങ്ങൾക്കും വിധേയമായ പ്രദേശത്താണ് അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. ഇതുസംബന്ധിച്ച് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകൾ നമ്മുടെ മുമ്പിലുണ്ട്.

കഴിഞ്ഞ കാലയളവിൽ കേരളത്തിലുണ്ടായിട്ടുള്ള ഭൂകമ്പങ്ങളുടെ തീവ്രത പരിശോധിച്ചാൽ അത് വർദ്ധിച്ചുവരുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. 1988-ൽ നെടുങ്കണ്ടത്ത് ഉണ്ടായ ഭൂകമ്പം റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയത് മൈനസ് 4.5 ആണ്. അതേവർഷം തിരുവനന്തപുരത്ത് 3.6-ഉം 1993-ൽ ചാവക്കാട് ഉണ്ടായ ഭൂകമ്പം റിക്ടർ സ്കെയിലിൽ 3.6-ഉം രേഖപ്പെടുത്തിയിട്ടുണ്ട്. 1994-ൽ ദേശമംഗലത്തുണ്ടായ ഭൂകമ്പത്തിന്റെ തീവ്രത 4.3 ആണ്. 2000-ലും 2001-ലും ഈരാറ്റുപേട്ടയിലുണ്ടായ ഭൂകമ്പത്തിന്റെ തീവ്രത 5-ഉം 4.8-ഉം ആണ്. മുല്ലപ്പെരിയാർ അണക്കെട്ട് പ്രദേശത്ത് ഭൂചലനമുണ്ടായാൽ അത് അറിയാൻ ഭൂകമ്പ മാപിനിയില്ല. 1986-ൽ ഇവിടെ ചില ഉപകരണങ്ങൾ തമിഴ്നാട് സ്ഥാപിച്ചതൊന്നും ഇന്ന് പ്രവർത്തിക്കുന്നില്ല. ഇന്ന് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അടിഭാഗത്തെ അവസ്ഥയെന്താണെന്ന് 114 വർഷം പിന്നിട്ടിട്ടും നമുക്ക് അറിയില്ല. വെള്ളം കെട്ടിനിർത്തിയതോടെ അണക്കെട്ടിന്റെ അടിത്തട്ട് പരിശോധിക്കാൻ കഴിയാതെ വന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അടിത്തട്ട് പരിശോധിക്കാൻ അണ്ടർവാട്ടർ വീഡിയോ എടുക്കാനുള്ള സജ്ജീകരണം ഇന്ന് ലഭ്യമാണ്. പക്ഷേ, തമിഴ്നാടിന്റെ എതിർപ്പുമൂലം അണക്കെട്ടിൽ പരിശോധന നടത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. മുല്ലപ്പെരിയാർ അണക്കെട്ടിൽ പുതിയ ചോർച്ചകൾ കണ്ടെത്തിയിട്ടുണ്ടെന്നുള്ള ദുരന്തനിവാരണ സേനയുടെ വെളിപ്പെടുത്തൽ ഏറെ ആശങ്കയുളവാക്കുന്നു. കാലപ്പഴക്കമുള്ള അണക്കെട്ടുകൾ എല്ലാ രാജ്യങ്ങളും ഡീ-കമ്മീഷൻ ചെയ്തുകഴിഞ്ഞു. എന്തുകൊണ്ടാണ് അണക്കെട്ട് ഡീ-കമ്മീഷൻ ചെയ്തതെന്ന് ചിന്തിക്കണം. അണക്കെട്ട് തകർന്നാലുള്ള ദുരന്തങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ഓരോ രാജ്യങ്ങളും കാലപ്പഴക്കം ചെന്ന അണക്കെട്ടുകൾ ഡീ-കമ്മീഷൻ ചെയ്തത്. ഇന്ത്യയിലും മറ്റ് പല രാജ്യങ്ങളിലും ഉണ്ടായിട്ടുള്ള അണക്കെട്ടുദുരന്തങ്ങൾ ഒന്നും നമുക്ക് പാഠമാകുന്നില്ലെന്നുപറഞ്ഞാൽ ജനങ്ങളുടെ ജീവന് യാതൊരു വിലയുമില്ലേയെന്ന് ശങ്കിച്ചുപോകുകയാണ്. അപകടകരമായ അവസ്ഥയിൽ പുതിയ ഡാം പണിയുന്നതുവരെ മുല്ലപ്പെരിയാർ നിലനിർത്തണമോയെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച ആശങ്കകൾക്കിടയിൽ വരുംവരായ്കകളെക്കുറിച്ച് ചിന്തിക്കണം. ഈ സന്ദർഭത്തിലാണ് മുല്ലപ്പെരിയാറിന്റെ അപകടാവസ്ഥയെക്കുറിച്ച് കേന്ദ്രദുരന്തനിവാരണ സേനയുടെ കണ്ടെത്തലുകൾ. ഇവിടെ സുരക്ഷാ ക്രമീകരണങ്ങളിൽ വൻപാളിച്ചകളുണ്ടായിട്ടുള്ളതായാണ് റിപ്പോർട്ടിൽ പറയപ്പെടുന്നത്. അണക്കെട്ടിൽ കേരള സർക്കാരിന്റെ പോലീസ് സുരക്ഷ അപര്യാപ്തമാണെന്ന് പറയുന്നു. അൻപത് പോലീസുകാരാണ് അണക്കെട്ടിന്റെ സുരക്ഷ കൈകാര്യം ചെയ്യുന്നത്. അവർക്ക് വേണ്ടത്ര പരിശീലനം ഇല്ലെന്നുപറയുന്നു. അതോടൊപ്പംതന്നെ വാർത്താവിതരണ സംവിധാനമില്ല. അപായമുന്നറിയിപ്പ് നൽകാൻ സൈറൺ സ്ഥാപിച്ചെങ്കിലും

വൈദ്യുതി കണക്ഷൻപോലും നൽകിയിട്ടില്ല. ദേശീയ സുരക്ഷാസേനയ്ക്ക് കീഴിലുള്ള എല്ലാ സംസ്ഥാനങ്ങളിലും 800 പേർ അടങ്ങുന്ന ദുരന്തനിവാരണ സേന രൂപീകരിക്കണമെന്ന കേന്ദ്രനിർദ്ദേശം കേരളം പാലിച്ചിട്ടില്ല. പോലീസ് ജാഗ്രത കുറഞ്ഞിരിക്കുകയാണ്. അത്തരം കാര്യങ്ങളിൽ പൂർണ്ണമായ ജാഗ്രത പുലർത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ശ്രീ. റോഷി അഗസ്റ്റിൻ ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ച് വളരെ ഗൗരവമായ അവസ്ഥയാണ് നിലവിലുള്ളത്. ഇടുക്കി ജില്ലയിലുള്ള മുല്ലപ്പെരിയാർ ഡാം 1895-ൽ ആണ് കമ്മിഷൻ ചെയ്തത്. 999 വർഷത്തേക്ക് തമിഴ്നാടിന് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ളതാകയാൽ ഡാമിന്റെ അറ്റകുറ്റപ്പണികളും മേൽനോട്ടവും തമിഴ്നാട് സർക്കാരിലും ഡാമിന്റെ സുരക്ഷാചുമതല കേരള സർക്കാരിലും നിക്ഷിപ്തമായിട്ടുള്ളതാണ്. രാജ്യത്ത് അടിക്കടി ഉണ്ടാകുന്ന തീവ്രവാദ-വിധ്വംസക പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഡാമുകൾ മുതലായ പ്രമുഖ സ്ഥാപനങ്ങളുടേയും കേന്ദ്രങ്ങളുടേയും സുരക്ഷാ സംവിധാനം പുനഃപരിശോധന നടത്തി സുരക്ഷ ശക്തമാക്കുന്നതിന് കേന്ദ്രസർക്കാർ 2008-ൽ എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തിൽ ഡാമുകളുടെ ഉപയുക്തത, സ്ഥിതി ചെയ്യുന്ന സ്ഥലം, പരിസരത്തെ ജനസാന്ദ്രത എന്നിവയുടെ അടിസ്ഥാനത്തിൽ എ, ബി, സി എന്നിങ്ങനെ 3 വിഭാഗങ്ങളായി തരംതിരിക്കാനായി ആവശ്യപ്പെട്ടിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരോടും സി.പി.മാരോടും ഇന്റലിജൻസ് വിഭാഗം പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടുമാരോടും സുപ്രധാന ഡാമുകളുടെ സുരക്ഷാസംവിധാനങ്ങൾ പരിശോധിക്കാനും അവയെ തരംതിരിക്കാനും ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം കേരളത്തിലെ 33 ഡാമുകൾ സുപ്രധാനമാണ് എന്ന പട്ടികയിൽ ഉൾപ്പെടുത്തി തരംതിരിച്ചു. മുല്ലപ്പെരിയാർ ഡാം സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ അതീവജാഗ്രത പുലർത്തേണ്ടതായതിനാൽ 'എ' കാറ്റഗറിയിൽപ്പെടുത്തി സുരക്ഷിതത്വം പോലീസിന്റെ ഭാഗത്തുനിന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അവയുടെ സുരക്ഷാ പരിശോധന ഇതിലേക്ക് നിയോഗിക്കപ്പെട്ട കേരളാ പോലീസിലെ ഡിവൈ.എസ്.പിമാർ അടങ്ങുന്ന സുരക്ഷാ ഓഡിറ്റ് ടീം നടത്തുകയും സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് വിശദമായ സെക്യൂരിറ്റി ആഡിറ്റ് റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പിച്ച 16-7-2010-ലെ ദേശീയ ദുരന്ത നിവാരണ സേനയുടെ കമാണ്ടന്റ് ശ്രീ. അരുൺകുമാറും അതുപോലെ മറ്റ് 9 അംഗങ്ങളും ചേർന്ന് വണ്ടിപ്പെരിയാർ ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് ദുരന്ത നിവാരണ ബോധവൽക്കരണ ക്ലാസ് നടത്തുകയും 17-7-2010-ന് മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് മടങ്ങിപ്പോകുകയും ചെയ്തു. അവരുടെ സന്ദർശന വേളയിൽ പീരുമേട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് തഹസീൽദാരും നിരവധി പത്ര-ദൃശ്യ മാധ്യമ പ്രവർത്തകരും അവരോടൊപ്പം ഉണ്ടായിരുന്നു. ഒരു അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, രണ്ട് ഹെഡ് കോൺസ്റ്റബിൾമാർ, 12 പോലീസ് കോൺസ്റ്റബിൾമാർ എന്നിവർ അടങ്ങുന്ന ഒരു ടീമാണ് മുല്ലപ്പെരിയാർ ഡാമിൽ ഇപ്പോൾ സുരക്ഷയ്ക്കായി സ്ഥിരമായി നിയോഗിച്ചുവരുന്നത്. ഇവർക്ക് വാർത്താ വിനിമയ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. അപായ മുന്നറിയിപ്പിനായി മഞ്ഞുമല, ഏലപ്പാറ, പെരിയാർ, ഉപ്പുതറ എന്നീ സ്ഥലങ്ങളിൽ സൈറൺ സ്ഥാപിച്ചിട്ടുണ്ട്. അവയ്ക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ കേരളാ പോലീസിന്റെ കീഴിലുള്ള ഒരു ബോട്ട് ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ആവശ്യമായ ഉദ്യോഗസ്ഥർ സഹിതം നിരീക്ഷണത്തിനായി ഡാം റിസർവോയറിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവകൂടാതെ ഇടുക്കി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡാമിന്റെ സുരക്ഷാ പ്രവർത്തനങ്ങളെ സംബന്ധിച്ച മോണിറ്ററിംഗ് കൃത്യമായി നടക്കുന്നുണ്ട്. 110 വർഷത്തിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം എത്ര ബലപ്പെടുത്തൽ നടത്തിയാലും സുരക്ഷിതമല്ല എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. അതുകൊണ്ടുതന്നെ നിലവിലുള്ള ഡാമിനുപകരം പുതിയ ഒരു ഡാം നിർമ്മിക്കേണ്ടത് അനിവാര്യവും അത്യന്താപേക്ഷിതവുമാണ്. അതിനായി ഭരണപരമായും നിയമപരമായും സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ ഇപ്പോൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ട് എന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചു. മുല്ലപ്പെരിയാറിലേക്ക് എത്താനായി 3 മാർഗ്ഗങ്ങളാണ് നിലവിലുള്ളത്. തേക്കടിയിൽനിന്ന് ബോട്ടുമാർഗ്ഗം മുല്ലപ്പെരിയാർ ഡാമിൽ എത്താൻ കഴിയും. വണ്ടിപ്പെരിയാറിൽനിന്നും പത്തനംതിട്ട ജില്ലയിലെ ഗവിയിൽ നിന്നും റോഡുമാർഗ്ഗം എത്താൻ കഴിയും. തേക്കടിയിൽ നിന്നും വനത്തിൽക്കൂടി 6 കിലോമീറ്റർ സഞ്ചരിച്ചാൽ യാതൊരു തടസ്സവുമില്ലാതെ ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിൽ എത്താൻ കഴിയും. ഇത്രത്തോളം ഭീകരമായ ഒരു സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ, ഇന്റലിജൻസ് റിപ്പോർട്ട് പോലും നിലവിവുള്ളപ്പോൾ വനപാലകരുടെ പരിശോധന മാത്രമാണ് വനത്തിൽക്കൂടി സഞ്ചരിക്കുന്നവർക്ക് നിലവിലുള്ളത്. അത് പോരായ്മ നിറഞ്ഞതാണ്. പോലീസിന്റെയും കൂടി ശ്രദ്ധ ഇത്തരം കാര്യത്തിൽ ഉണ്ടാകാനും അതീവ ജാഗ്രത പുലർത്താനും വനത്തിലൂടെയുള്ള യാത്രയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെ മുന്നിൽക്കണ്ടുകൊണ്ട് ശക്തമായ ഒരു സെക്യൂരിറ്റി നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഗവിയിൽനിന്നും തേക്കടിയിൽനിന്നും വരുന്നവരെ നിരീക്ഷിക്കാനുള്ള സംവിധാനമേർപ്പെടുത്താൻ പോലീസ് സംവിധാനമുണ്ട്. എന്നാലും ഈ പറഞ്ഞ ഒരു കാര്യം ശരിയാണ്. വണ്ടിപ്പെരിയാറിൽ വനാന്തരങ്ങളിലൂടെ കടന്നുവരുന്നവരെ പരിശോധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിലവിലുള്ളത് ഫോറസ്റ്റ് സേനയുടെ സംവിധാനമാണ്. നേരത്തെ ഇക്കാര്യം സംബന്ധിച്ച് ആഭ്യന്തര വകുപ്പു മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അത് ബന്ധപ്പെട്ട വനംവകുപ്പുമായികൂടി ചർച്ച ചെയ്തുകൊണ്ട് ആ മേഖലയിൽ കൂടി ഏതാണ്ട് പൂർണ്ണ തോതിലുള്ള സർവെയ്‌ലൻസ് ഏർപ്പെടുത്തികൊണ്ട് ഏതെങ്കിലും തരത്തിലുള്ള തീവ്രവാദ-വിധ്വംസക വിഭാഗീയ പ്രവർത്തകരുടെ നുഴഞ്ഞുകയറ്റമോ കടന്നു കയറ്റമോ ഉണ്ടെങ്കിൽ പ്രതിരോധിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശമനുസരിച്ച് കാറ്റഗറൈസ് ചെയ്യപ്പെട്ടിട്ടുള്ള 'എ' കാറ്റഗറിയിൽപ്പെടുന്ന ഒരു ഡാം എന്ന നിലയിൽ അതീവ സുരക്ഷാ സംവിധാനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ പോലീസ് സേനയ്ക്ക് ആവശ്യമായിട്ടുള്ള സംവിധാനങ്ങളൊരുക്കുന്നതിന് പലപ്പോഴും തമിഴ്നാട് സർക്കാർ സഹകരിക്കുന്നില്ല. വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് പോലീസിന് ഇപ്പോഴും അവിടെ കൊടുക്കാൻ കഴിയുന്നത്. ആ കാര്യത്തിൽ അവിടത്തെ കേരളാ പോലീസ് സേനയെത്തന്നെ നീക്കം ചെയ്യണമെന്നുള്ള ആവശ്യമാണ് തമിഴ്നാട് പലപ്പോഴും ഉന്നയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി മെച്ചപ്പെട്ട സുരക്ഷാ സംവിധാനമാണ് കേരളാ പോലീസിന്റെ നേതൃത്വത്തിൽ ഇന്ന് ഡാം പരിസരത്ത് നടന്നുകൊണ്ടിരിക്കുന്നത്.

(2) കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കൈത്തറി മേഖലയിൽ 450-ഓളം പ്രൈമറി സഹകരണ സംഘങ്ങളുണ്ട്. അതിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമേ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളുള്ളൂ. ആ വ്യവസായ സഹകരണ സംഘങ്ങളെല്ലാം ഇൻഡസ്ട്രിയൽ നിയമമനുസരിച്ച് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതുകൊണ്ട് എല്ലാ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളും അവിടത്തെ തൊഴിലാളികൾക്ക് ലീവ് വിത്ത് വേജസ് കൊടുക്കണം. ഹോളിഡേ വേജസ് കൊടുക്കണം, പെൻഷനും ഗ്രാറ്റുവിറ്റിയും കൊടുക്കണം, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് ഇതെല്ലാം കൊടുക്കാൻ സൊസൈറ്റിയുടെ മാനേജുമെന്റ് ബാധ്യസ്ഥരാണ്. കൈത്തറി മേഖലയിൽ കൈത്തറിയിൽനിന്നും നെയ്ത് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റ് അതിന്റെ ലാഭത്തിൽ നിന്നും വേണം ഇത് കൊടുക്കാൻ. ഒരു കാരണവശാലും ഒരു സംഘത്തിനും ഇതിന്റെ ലാഭത്തിൽ നിന്ന് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും ഇ.എസ്.ഐ.യുമെല്ലാം നേരിടാൻ കഴിയില്ല. അത് മുമ്പുമുതൽതന്നെ സംസ്ഥാന സർക്കാരാണ് കുറേയൊക്കെ സഹായിക്കുന്നത്. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുകയും പ്രവർത്തന മൂലധനമുൾപ്പെടെ ഈവക കാര്യങ്ങൾ നേരിടാൻവേണ്ടി 14 ലക്ഷം രൂപ വീതം